**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1696** **02-02-2024 - ൽ മറുപടിയ്ക്ക്**

**കേരളാ ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ നിർവ്വഹണം നടത്തുന്ന കണ്ണോത്ത്-പുല്ല-തൃശൂർ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ നിന്നും തൃശൂരിലേക്കും തിരിച്ചും എളുപ്പത്തിൽ യാത്ര ചെയ്യാവുന്ന കണ്ണോത്ത്-പുല്ല-തൃശൂർ റോഡിന്റെ തൃശൂർ മണ്ഡലത്തിൽപ്പെട്ട ഭാഗം വികസിപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 26-ൽ ഉൾപ്പെടുത്തി പുല്ലഴി വലിയപാടം മുതൽ കണ്ണോത്ത് 51-തറ വരെയുള്ള 3700 മീറ്റർ ബണ്ട് റോഡ് നിർമ്മാണം പുരോഗതിയിലാണ്. |
| (ബി) | കേരളാ ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ നിർവ്വഹണം നടത്തുന്ന പ്രസ്തുത റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | ബണ്ട് റോഡ് നിർമ്മാണത്തിൽ നിശ്ചിത ഉയരത്തിലേയ്ക്ക് മണ്ണ് ഉയർത്തിയതിനു ശേഷം 4 മീറ്റർ വീതിയിലും, 20 സെ.മീറ്റർ കനത്തിലും Quarry muck വിരിച്ച് water bound macadam ഫിനിഷിംഗ് ലയർ ആയിട്ടാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട 3700 മീറ്റർ സംരക്ഷണ ഭിത്തി നിർമ്മാണത്തിൽ 3550 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ബണ്ട് റോഡിന്റെ മണ്ണ് ഇട്ട് ഉയർത്തുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ? | (സി) | 2024 മെയ് മാസത്തോട്ടു കൂടി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ